ഹോമിയോപ്പതി കോളേജ്.

*1367. [18] ശ്രീ. ഇ. പി. ഇയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹോമിയോപ്പതി കോളേജുകൾ ഉണ്ട്;

(ബി) ഇതിൽ എത്ര കോളേജുകൾ ഗവണ്മെൻറ് അംഗീകാരമുള്ള കോളേജുകളാണ്;

(സി) മേൽപ്പറഞ്ഞ കോളേജുകളിലെ പ്രിൻസിപ്പാളിൻറെയും, പ്രഫസർമാരുടേയും പരീക്ഷായോഗ്യത എന്താണ്;

(ഡി) മേൽപ്പറഞ്ഞ കോളേജുകളിൽ ഡിപ്ലോമാ കോഴ്സും, ഡിഗ്രി കോഴ്സും നടപ്പിലുണ്ടോ;

(ഇ) ഒരു ഡിഗ്രി കോളേജായി അപ്ഗ്രേഡ് ചെയ്യുന്നതിന് യോഗ്യതയുള്ള ഹോമിയോപ്പതി കോളേജുകൾക്ക് മാത്രമേ ഇൻഡ്യാഗവണ്മെൻറ് അംഗീകാരം നൽകൂ എന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ മാനദണ്ഡം ഇവിടെയും പാലിക്കുവാൻ ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) അംഗീകൃത കോളേജുകൾ ഒന്നുമില്ല.

(ബി) ഒന്നുമില്ല.

(സി.ഡി) അറിവില്ല.

(ഇ) ഇല്ല.

(എഫ്) കോളേജുകൾക്ക് അംഗീകാരം നൽകുന്ന അവസരത്തിൽ ഇൻഡ്യാഗവണ്മെൻറുമായി ആലോചിച്ച് വേണ്ടത് ചെയ്യാവുന്നതുമാണ്.

ശ്രീ. കെ. ഹസ്സൻ ഗനി: വല്ല കോളേജുകളും അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഉണ്ട്. അതിനുവേണ്ടി നടപടി എടുത്തുവരുന്നുണ്ട്. ഇൻഡ്യാഗവണ്മെൻറ് സഹായിക്കുമെന്നാണെൻറ വിശ്വാസം.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: കുറിച്ചി സചിവോത്തമപുരം കാളണിയിൽ ഒരു ഹോമിയോ ആശുപത്രി പണിയിച്ചുകൊടുക്കാമെന്നും അവരെ അറിയിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഉണ്ട്.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: അപ്പോൾ ഈ ഗവണ്മെൻറ് ഹോമിയോപ്പതി സമ്പ്രദായം അംഗീകരിച്ചു എന്നല്ലേ മനസ്സിലാക്കേണ്ടത്?

ഡാക്ടർ എ. ആർ. മേനോൻ: കോളേജുകളുടെ കാര്യമാണ് ചോദിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എറണാകുളത്തു പടിയാരുടെ കോളേജിനും അംഗീകാരത്തിനപേക്ഷിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: പല കോളേജുകളും ചോദിച്ചിട്ടുണ്ട്. അതിനൊരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. അത് എങ്ങനെയാണ് ചെയ്യേണ്ടതെന്നും ആലോചിച്ചുകൊണ്ടിരിക്കയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഈ സ്റ്റോറിൽ അംഗീകരിച്ച കാളേജുകളും ഇല്ലെന്നുള്ളവസ്തുത കണക്കിലെടുത്തുകൊണ്ട് നമുക്ക് ആവശ്യമായ ഡാക്ടറന്മാർ പുറത്തുള്ള ഏത് കാളേജിൽനിന്നും ഡിഗ്രി എടുത്തുകൊണ്ടുവരുന്നവരാണെങ്കിലും ഇവിടെ അംഗീകരിക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഇപ്പോൾ അതിനെ കൺസോൾ കൊണ്ടുവരാൻ ആലോചനയുണ്ട്. അപ്പോൾ ഏതൊക്കെയാണ് വേണ്ടതെന്ന് അനേഷിച്ച് ചെയ്യും.

ശ്രീ കെ. മൊയ്തീൻകുട്ടി ഹാജി : ബാംബെ കാളേജിൽനിന്നും ഡിഗ്രി എടുത്തുവരുന്ന ഡാക്ടറന്മാരെ നമ്മുടെ സ്റ്റോറിൽ മതിയായ യോഗ്യതയുള്ളവരായി കണക്കാക്കാൻ സാധിക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : സ്റ്റോറിനെ പുറത്തു പലേ കാളേജുകളുണ്ട്. കൽക്കട്ടായിൽ രണ്ടു കാളേജുകളും ഉണ്ടായിരുന്നതു വേണ്ടെന്നു വച്ചു. അതൊക്കെ നോക്കിച്ചെയ്യാം.

ശ്രീ. എം. നാരായണക്കുറുപ്പ് : പല ഡാക്ടറന്മാരും തപാൽവഴി ഹോമിയോപ്പതി ഡിഗ്രി സമ്പാദിച്ചുവരുന്നതായി ശവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഉവ്വ്ല്ലോ.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ഇങ്ങനെ ആവശ്യമായ പരീക്ഷാ യോഗ്യതകളില്ലാത്ത ഹോമിയോപ്പതി ഡാക്ടറന്മാർ ചികിത്സ നടത്തുന്നതു മൂലം പൊതുജനാരോഗ്യം അപകടത്തിലായിത്തീരുന്നുണ്ടെന്നുള്ളതു ശവണ്മെൻറിനറിയാമോ ?

മി. സ്പീക്കർ : അതൊരഭിപ്രായമാണ്.

ഡാക്ടർ ഏ. ആർ. മേനോൻ : അതിനു മറുപടി എടുക്കുന്നുണ്ട്.

സംശയാസ്പദമായ മരണങ്ങൾ.

* 1368. [19] † ശ്രീ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കകം ഈ സംസ്ഥാനത്തിൽ എത്ര സംശയാസ്പദമായ മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ മരണങ്ങൾക്കുത്തരവാദികളെ കണ്ടുപിടിക്കാൻ ശ്രമിച്ചതിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ആകെ എത്ര മരണങ്ങളെപ്പറ്റി മെക്രം ബ്രാഞ്ചിനെ കൊണ്ട് അനേഷണം നടത്തിയിട്ടുണ്ട് ;

(ഡി) ഇതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്യപ്പെട്ടു ;

(ഇ) ചാർജ്ജ് ചെയ്തതിൽ എത്രയെണ്ണം ശിക്ഷിച്ചു ?

Minister for Law (**Shri V. R. Krishna Iyer**) :

(*a—e*) All the information is not available. I am collecting them.

† As the Member was absent the question was put by Shri P. Ramunni Kurup, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly